LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് നിയമലംഘനങ്ങൾ തടഞ്ഞ് അപകടങ്ങൾ കുറയ്ക്കുന്നതിനായി 24 മണിക്കൂറും സേവനസജ്ജമായ 85 സ്ക്വാഡുകൾ സേഫ് കേരള പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തിലെ നിരത്തുകളിൽ പരിശോധന നടത്തിവരുന്നു. സേഫ് കേരള പ്രോജക്ടിന്റെ ഭാഗമായി നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന 700-ൽപ്പരം ANPR (Automatic Number Plate Recognition) ക്യാമറകളും ഉടനെ വിന്യസിക്കുന്നതാണ്. Intelligent Transport System-ത്തിന്റെ ഭാഗമായി Automated enforcement രീതി ഉപയോഗിച്ച് ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി ലംഘകരെ നിയമത്തിനുമുന്നിൽകൊണ്ടുവരിക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അപകടങ്ങളെ ശാസ്ത്രീയമായി രേഖപ്പെടുത്തി പഠന വിധേയമാക്കി അപകട മേഖലകൾ കണ്ടെത്തി പരിഹാരനിർദ്ദേശം നൽകുന്നതടക്കം ഉൾപ്പെട്ട Indian Road Accident Database സംസ്ഥാനത്ത് നിലവിൽ വരുത്തുന്നതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് ഓഫീസ്

253 (4641) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് ഓഫീസുകളില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എല്ലാ ജില്ലകളിലും സേഫ് കേരള ഓഫീസുകൾ തുടങ്ങുന്നതിനായി കെൽട്രോണിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, പാലക്കാട്, കോട്ടയം എന്നീ ആറ് ഓഫീസുകളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) ആർ.ടി.ഒ.-എസ്.ആർ.ടി.ഒ. ഓഫീസുകളിലെ ഉദ്യോഗസ്ഥർ കേസെഴുതിയാൽ കേസിനെ സംബന്ധിച്ച പ്രിന്റഡ് റസീപ്റ്റ് പലപ്പോഴും നൽകാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-പോസ് മെഷീനിൽ പ്രിന്റർ ഇല്ലാത്തതാണ് കാരണമെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇ-പോസ് മെഷീൻ വാങ്ങി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മോട്ടോർ വാഹന വകുപ്പിൽ എത്ര കോടി രൂപയുടെ നികുതിക്കുടിശ്ശികയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക ജില്ല തിരിച്ച് താഴെ നൽകുന്നു :

Trivandrum	51.44 Cr.
Kollam	68.08 Cr.
Pathanamthitta	20.05 Cr.
Alappuzha	9.73 Cr.
Idukki	11.16 Cr.
Kottayam	39.21 Cr.
Ernakulam	129.58 Cr.
Thrissur	141.99 Cr.
Palakkad	54.9 Cr.
Malappuram	106.75 Cr.
Kozhikode	33.58 Cr.
Wayanad	7.76 Cr.
Kannur	67.05 Cr.
Kasargod	30.89 Cr.
Total	772.17 Cr.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട തഹസീൽദാർമാർ, വില്ലേജ് ഓഫീസർമാർ എന്നിവരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലുള്ള വാഹനങ്ങൾ

254 (4642) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് പൊതുജന സഞ്ചാരത്തിനല്ലാതെ എത്ര വാഹനങ്ങളുണ്ടെന്ന് ഇനം തിരിച്ചും ജില്ല തിരിച്ചും വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി. പൊതുജന സഞ്ചാരത്തിനല്ലാതെ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ വാഹനങ്ങൾക്കായി ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ചെലവഴിക്കുന്ന തുക എത്രയാണ്; വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യിലെ പൊതുജന സഞ്ചാരത്തിനല്ലാതെയുള്ള വാഹനങ്ങൾക്ക് ചെലവഴിക്കുന്ന തുക പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(സി) ഇത്തരം വാഹനങ്ങളിൽ എത്രയെണ്ണം ഉപയോഗയോഗ്യം അല്ലാത്തതായുണ്ടെന്നും അവയുടെ നിലവിലെ അവസ്ഥ എന്തെന്നും വിശദമാക്കുമോ?

5 സ്റ്റാഫ് കാറുകൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ സ്ക്രാപ്പ് ചെയ്യുന്നതിനായി വർക്ക്ഷോപ്പുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പൊതുജന സഞ്ചാരത്തിനായി എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ;

&

(ഇ) ആയത് ആകെ ബസ്സുകളുടെ എത്ര ശതമാനമാണെന്നും അവയിൽ എത്രയെണ്ണം ഓർഡിനറി സർവ്വീസുകളായി സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ?

(ഡി&ഇ) 2-8-2021-ലെ കണക്കനുസരിച്ച് 3109 സർവ്വീസുകൾ നടത്തിയിട്ടുണ്ട്. ഇത് ആകെ ബസ്സുകളുടെ 50 ശതമാനമാണ്. ആകെ സർവ്വീസ് നടത്തുന്ന 3109 ബസ്സുകളിൽ 2057 ബസ്സുകൾ ഓർഡിനറി സർവ്വീസുകളാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്